# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 722 — 03.11.2011 ൽ മറുപടിയ്ക്ക്

### സഹകരണ മേഖലയിലെ നെല്ല് സംഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി. റ്റി. ബൽറാം | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിലെ നെല്ല് സംഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) സഹകരണ മേഖലയിലെ നെല്ല് സംഭരണ സംസ്കരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന/എൻ.സി.ഡി.സി. ധനസഹായത്തോടെ സംസ്ഥാന നെല്ല് സംഭരണ/സംസ്കരണ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി പ്രകാരം കോട്ടയം ജില്ലയിലെ നീണ്ടൂർ സർവീസ് സഹകരണ ബാങ്ക്, എറണാകുളം ജില്ലയിലെ പള്ളിയാക്കൽ സർവീസ് സഹകരണ ബാങ്ക്, തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്ക് വയനാട് ജില്ലയിലെ തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്ക് എന്നിവയ്ക്ക് ഒരു കോടി രൂപാ വീതം ധനസഹായം അനുവദിച്ചു നൽകുകയും നെല്ല് സംസ്കരണ/നവീകരണ യൂണിറ്റ് സ്ഥാപിച്ച് നെല്ല് സംസ്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നെല്ല് സംഭരണ സ്ഥാനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടിയിലുൾപ്പെടുത്തി തൃശ്ശൂർ ജില്ലാ നെല്ല് വിപണന സംസ്കരണ സഹകരണ സംഘം ക്ലിപ്തം നം. ആർ 923 നെ |

| | | | |
|---|---|---|---|
| | | | ധനസഹായം നൽകുന്നതിന് തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നെല്ല് സംഭരിക്കുന്ന സഹകരണ സംഘങ്ങൾക്ക് സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിനും സംസ്ഥാന പദ്ധതി പ്രകാരം ബഡ്ജറ്റിൽ തുക വകയിരുത്തി ധനസഹായം നൽകി വരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിച്ച് വരുന്നുണ്ട് |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | തൃശ്ശൂർ ജില്ലാ നെല്ല് വിപണന സംസ്കരണ സഹകരണ സംഘം ക്ലിപ്തം നം. ആർ 923 നെ സർക്കാർ/എൻ.സി.ഡി.സി. ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി തെരഞ്ഞെടുക്കുകയും സംഘത്തിന്റെ നിലവിലുള്ള അരിമില്ലിന്റെ പുനരുദ്ധാരണത്തിനായി സംസ്ഥാന പദ്ധതി പ്രകാരം 1 കോടി രൂപ ധനസഹായം നൽകുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ